# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 345 — 02. 12. 2014 ൽ മറുപടിക്ക്

### എൽ.ഇ.ഡി. ബൾബുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ. മോൻസ് ജോസഫ്

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എൽ.ഇ.ഡി ബൾബുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് വൈദ്യുതി വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്ത്എൽ.ഇ.ഡി ബൾബുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ താഴെപ്പറയുന്നവയാണ്.<br><br>1. <u>എൽ.ഇ.ഡി വില്ലേജ് പരിപാടി:-</u> ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ (ബി.ബി.ഇ) ധനസഹായത്തോടുകൂടി തെരഞ്ഞെടുത്ത വാർഡുകളിൽ ഗാർഹിക ഉപയോഗത്തിനും തെരുവ് വിളക്കുകളിലും എൽ.ഇ.ഡി സ്ഥാപിക്കൽ.<br><br>ഈ പരിപാടിയിൽ പാലക്കാട് ജില്ലയിലെ ആയക്കുറിശ്ശിയിൽ 325 വീടുകളിൽ രണ്ടു വീതം എൽ.ഇ.ഡി ബൾബുകളും, 50 എൽ.ഇ.ഡി തെരുവ് വിളക്കുകളും സ്ഥാപിച്ചു.<br><br>മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ 50 എൽ.ഇ.ഡി തെരുവ് വിളക്കുകളും 1500 എൽ.ഇ.ഡി ബൾബുകളും ആലപ്പുഴയിൽ 50 എൽ.ഇ.ഡി തെരുവ് വിളക്കുകളും 1600 എൽ.ഇ.ഡി ബൾബുകളും വിതുരയിൽ 50 എൽ.ഇ.ഡി തെരുവ് വിളക്കുകളും 1500 എൽ.ഇ.ഡി ബൾബുകളും സ്ഥാപിച്ചു.<br><br>2) <u>എൽ.ഇ.ഡി തെരുവ് വിളക്കുകൾ സ്ഥാപിക്കൽ</u><br><br>കേരളത്തിലെ എല്ലാ കോർപ്പറേഷനുകളിലും, മുനിസിപ്പാലിറ്റികളിലും 100 വീതം എൽ.ഇ.ഡി. തെരുവ് വിളക്കുകൾ സ്ഥാപിച്ചു. |

| | | | |
|---|---|---|---|
| | | | 3) മാതൃകാ പദ്ധതികൾ നടപ്പിലാക്കൽ:- ബി.ഇ.ഇ.യുടെ ധനസഹായത്തോടെ തിരുവനന്തപുരം കോർപ്പറേഷനിൽ വെള്ളയമ്പലം മുതൽ വഴുതക്കാട് വരെ 100 വാട്ട്സിന്റെ 70 എൽ.ഇ.ഡി തെരുവു വിളക്ക സ്ഥാപിക്കുന്ന പദ്ധതിയും കോർപ്പറേഷൻ പരിധികളിൽ 45 വാട്ട്സിന്റെ 500 എൽ.ഇ.ഡി തെരുവു വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതിയും പുരോഗമിച്ചു വരുന്നു. |
| (ബി) | എൽ.ഇ.ഡി ബൾബുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇവയുടെ നികുതിയിൽ ഇളവ് അനുവദിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ? | (ബി) | ഇല്ല |
| (സി) | കെ.എസ്.ഇ.ബി വഴി എൽ.ഇ.ഡി ബൾബുകൾ കുറഞ്ഞ നിരക്കിൽ സാധാരണക്കാരന് വിതരണം ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ? | (സി) | എൽ.ഇ.ഡി ബൾബുകൾ കുറഞ്ഞ നിരക്കിൽ സാധാരണക്കാരന് വിതരണം ചെയ്യുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ പദ്ധതിക്ക് പ്രാരംഭ നടപടികളുടെ ചർച്ചകൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ